കേരള സർക്കാർ

# കോട്ടപ്പടി ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം(പി.7)2244/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 31.01.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോട്ടപ്പടി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കോട്ടപ്പടി ഗ്രാമപഞ്ചായത്ത് – 2015-16 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് – സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്ത ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2 ലേയും ഭാഗം 3 ലേയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇ.കെ.എം(പി.7)2244/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 31.01.2017

## എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 29.11.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധഅക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിച്ച ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | :ശ്രീ. ഡി.സുരേഷ് രാജു , ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) |
| ഓഡിറ്റ് നടത്തിയ തീയതി : | 23.12.2016 മുതൽ 30.12.2016 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീമതി.ഷൈല.എം.എസ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീ.ഹരീഷ് ബാബു.എൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.പുഷ്പ.ആർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി ഷെർളി സാജു | 01.04.2015 | 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 | 11.11.2015 |
| | ശ്രീ ജോയ് എബ്രഹാം | 12.11.2015 | 31.03.2016 |
| വൈസ് പ്രസിഡന്റ് | ശ്രീ കെ വി പരീക്കുട്ടി | 01.04.2015 | 31.10.2015 |
| | ശ്രീമതി ധന്യ അനിൽകുമാർ | 01.11.2015 | 31.03.2016 |
| സെക്രട്ടറി | ശ്രീ ടി കെ വറുഗീസ് | 01.04.2015 | 22.07.2015 |
| | ശ്രീമതി കെ കെ പൊന്നമ്മ | 23.07.2015 | 31.03.2016 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി അദിതിദേവി ഡി | 01.04.2015 | 31.03.2016 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീ ലിവി. പി | 01.04.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ഷെറിൻ സി പി | 01.04.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.രേഷ്മ ചന്ദ്രൻ | 01.04.2015 | 31.03.2016 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി ഷൈല കെ കെ | 01.04.2015 | 31.03.2016 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (വടാശ്ശേരി) | ശ്രീ ഷിഞ്ജു കുര്യൻ | 01.04.2015 | 20.12.2015 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (കോട്ടപ്പടി) | ശ്രീ രമേഷ് കുമാർ സി.ജി | 21.12.2015 | 31.03.2016 |
| ഹെഡ് മാസ്റ്റർ GLPS | ശ്രീമതി ജെസ്സി കെ വറുഗീസ് | 01.04.2015 | 31.03.2016 |
| വെറ്റിനറി സർജൻ | ഡോ.നവാസ് വി എ | 01.04.2015 | 15.09.2015 |
| | ഡോ.ഷറഫുദീൻ.എസ് | 16.09.2015 | 31.03.2016 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ബോബി ഈപ്പൻ | 01.04.2015 | 31.03.2016 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ ശശി ടി എസ് | 01.04.2015 | 31.03.2016 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | ഓഡിറ്റ് ഇംപാക്റ്റ് ഈടാക്കിയത് 19236/- രൂപ | 1-12 | |
| | ഭാഗം 2 | | |
| 1 | ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങൾക്ക് നിയമ പ്രകാരമുള്ള നികുതി ഈടാക്കുന്നില്ല. | 2-1 | |
| 3 | ഗ്രാമ പഞ്ചായത്ത് പരിധിയിൽ അനുമതിയില്ലാതെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നു. | 2-2 | |
| | ഭാഗം- 3 | | |
| 1 | വാട്ടർ റിച്ച് പദ്ധതി | 3-1 | |
| 2 | അങ്കണവാടിയ്ക്ക് കുടിവെള്ള കണക്ഷൻ- ചെലവാകാത്ത തുക തിരികെ ഈടാക്കിയിട്ടില്ല. | 3-2 | |
| 3 | സർക്കാർ മാർഗ നിർദേശം പാലിക്കാതെ സി.എഫ്.എൽ ലാമ്പുകൾ വാങ്ങി. | 3-3 | |
| 4 | ഹൈമാസ്റ്റ് ലൈറ്റുകൾക്ക് അധിക ചാർജ് അടച്ചു | 3-4 | |

| | | | |
|---|---|---|---|
| 5 | കാർഷിക വികസനത്തിനായി പദ്ധതികൾ നടപ്പാക്കുന്നില്ല. | 3-5 | |
| 6 | അതുല്യം സാക്ഷരത പദ്ധതിയ്ക്ക് സർക്കാർ നിർദ്ദേശം പാലിക്കാതെ വികസന ഫണ്ട് ചെലവഴിച്ചു. | 3-6 | |
| | ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുക | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 6 | ഓഡിറ്റ് റിക്കവറി | 4-6 | |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 | അനുബന്ധം.1 | |
| | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം.2 | |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.3 | |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.4 | |


# ഭാഗം 1

## <u>പൊതു അവലോകനം</u>

# 1-1 <u>ബജറ്റ്</u>

2015 -16 വർഷത്തെ ബജറ്റ് 27.03.2015 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. ബജറ്റും വാർഷിക കണക്കും തമ്മിലുള്ള വ്യത്യാസം താഴെ കൊടുക്കുന്നു:-

| | വരവ് (₹) | ചെലവ് (₹) |
|---|---|---|
| ബജറ്റ് പ്രകാരം | 110362965.00 | 109167100.00 |

| | | |
|---|---|---|
| വാർഷിക കണക്ക് പ്രകാരം | 32131956.00 | 40721943.00 |
| വ്യത്യാസം | 78231009.00 | 68445157.00 |

ബജറ്റ് പ്രകാരമുള്ള വരവുചെലവുകൾ യഥാർത്ഥവരവു ചെലവുകളുമായി അന്തരമുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം അനുശാസിക്കും പ്രകാരം ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2015 | 20.07.2015 | -- | -- |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷികധനകാര്യപത്രിക പരിശോധിച്ചു. അപാകതകളൊന്നുമില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി I ആയി ചേർത്തിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

| വർഷം | 2015-16 |
|---|---|
| മുന്നിരിപ്പ് | 13954496.00 |
| വരവ് | 32131956.00 |
| ആകെ | 46086452.00 |
| ചെലവ് | 40721943.00 |
| നീക്കിയിരിപ്പ് | 5364509.00 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷം പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | 2015-16 |
|---|---|
| വസ്തു നികുതി | 1686181(തൻവർഷം)<br>2223629 (കുടിശ്ശിക) |

പഞ്ചായത്തിന് ലഭിക്കാനുള്ള വസ്തു നികുതി കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് – പൊതുവിഭാഗം | 1691589 | 6322679 | 8014268 | 8014268 | 0 | 0 |
| - എസ്.സി. പി. | 2347983 | 3984355 | 6332338 | 5703477 | 628861 | 0 |
| - ടി.എസ്. പി. | 0 | 121325 | 121325 | 121325 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 217150 | 8191493 | 8408643 | 8408643 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 568899 | 1594647 | 2163546 | 2163546 | 0 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 991414 | 3888704 | 4880118 | 3717292 | 1162826 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2377126 | 1250139 | 3627265 | 1427159 | 2200106 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 11462 | 18083454 | 18094916 | 18059424 | 0 | 35492 |
| ബി ഫണ്ട് | 0 | 19380295 | 19380295 | 19380295 | 0 | 0 |

വികസനഫണ്ട് പൊതുവിഭാഗത്തിൽ എസ്.സി.പി. ടി.സി. തുക 628861/- രൂപയും ധനകാര്യകമ്മീഷൻ ടി.സി. തുക 1162826/-രൂപയും പെർഫോമൻസ് ഗ്രാന്റ് ടി.സി. തുക 2200106/- രൂപയും ഉൾപ്പെട്ടതാണ്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 152 | 21518858 | 140 | 18911337 | 8 | 4 | 92 |

ഏറ്റെടുക്കുന്ന മുഴുവൻ പ്രോജക്ടുകളും അതാത് വർഷം തന്നെ പൂർത്തികരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3204595 | 2943793 | 260802 | (+)8.13 |
| നികുതിയേതര വരവുകൾ | 553040 | 467680 | 85360 | (-)15.43 |
| മറ്റുവരവുകൾ | 167669 | 145228 | 22441 | (-)13.38 |
| ആകെ | 3925304 | 3556701 | 368603 | (-)9.39 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 98280 | 91 |
| കർഷകതൊഴിലാളി പെൻഷൻ | 2480370 | 281 |
| വിധവാപെൻഷൻ | 6022440 | 588 |
| വാർദ്ധക്യകാല പെൻഷൻ | 8296410 | 1409 |
| ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2101135 | 212 |
| 50 വയസ്സിനുമുകളിൽ പ്രായമായ അവിവാഹിതകൾക്കുള്ള ധനസഹായം | 178160 | 21 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 90000 | 3 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.12.2016 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 18683/- രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടു.

# 1-10 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തൊഴിൽ കാർഡ് നൽകപ്പെട്ടവർ | | | | തൊഴിൽ ആവശ്യപ്പെട്ട വരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|
| പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ള വർ | ആകെ | | പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ള വർ | ആകെ | |
| 504 | 16 | 1998 | 2518 | 1281 | 18699 | 610 | 57079 | 76388 | 215 |

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 313 |
| പൂർത്തീകരിച്ച പ്രവൃത്തികൾ | 287 |

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | തീയതി | | |
| പെർഫോമൻസ് ഓഡിറ്റ് | 17.12.2016 വരെ | 1.11.2016 മുതൽ 31.11.2016 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.7.2003 മുതൽ 19.7.2003 വരെ | 1997-98 മുതൽ 2002-03 വരെ | 08.08.2003 |

## 1-12 ഓഡിറ്റ് ഇംപാക്ട് - ഈടാക്കിയത് 19236/-രൂപ

ഗ്രാമപഞ്ചായത്ത് 2015-16 വർഷം നടത്തിയ വിവിധ മരാമത്ത് പ്രവൃത്തികളിലുണ്ടായ 19236/- രൂപയുടെ നഷ്ടം ഓഡിറ്റ് എൻക്വയറി നൽകിയതിനെതുടർന്ന് താഴെ പറയും പ്രകാരം തിരിച്ചടച്ചിട്ടുണ്ട്.

| പ്രവൃത്തി | തുക ₹ | രസീത് നമ്പർ /തീയതി |
|---|---|---|
| ഉപ്പുകണ്ടം പി.എച്ച്.സി ചുറ്റുമതിൽ നിർമ്മാണം | 4351 | 11602101795/28.12.16 |
| മൂന്നാംതോട് നെല്ലിത്തണ്ട് എസ്.സി.കോളനി റോഡ് | 1279 | 11602101792/28.12.16 |
| അങ്കണവാടി പുനരുദ്ധാരണം-വാർഡ് ഒന്ന് | 3099 | 11602101793/28.12.16 |
| പി.എച്ച്.സി.നിർമ്മാണം -വാർഡ് ഒന്ന് | 3212 | 11602101794/28.12.16 |
| എൽ.പി.സ്കൂൾ മെയിന്റനൻസ് | 6439 | 11602101806/29.12.16 |
| | 856 | 11602101807/29.12.16, 11602101808/29.12.16 |
| ആകെ | 19236 | |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങൾക്ക് നിയമ പ്രകാരമുള്ള നികുതി ഈടാക്കുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 200(2) പ്രകാരം ഓരോ ഗ്രാമപഞ്ചായത്തിനും അതിന്റെ പ്രദേശത്ത് ശുചിത്വ പരിപാലനം,ജലവിതരണം,സ്കാവഞ്ചിങ്ങ്,തെരുവ് വിളക്കുകളുടെ പരിപാലനം, ഡ്രെയിനേജ് എന്നിവയ്ക്ക് അപ്രകാരം ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട ത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. 14.01.2011-ലെ കേരള അസാധാരണ ഗസറ്റ് നമ്പർ 82 ൽ 2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ എസ്.ആർ.ഒ നമ്പർ 37/2011 ആയി സർക്കാർ പ്രസിദ്ധീകരിച്ചത്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 27 പ്രകാരം ഈടാക്കേണ്ട സേവന ഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ എത്രയെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 29 പ്രകാരം പ്രത്യേക സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരെയും നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല. 2015-16 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തിയ സേവനങ്ങൾക്ക് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക |
|---|---|
| മാലിന്യ നിർമ്മാർജനം | 83000 |
| തെരുവ് വിളക്കുകൾ തെളിയിക്കൽ | 577138 |
| ജലവിതരണം | 1611756 |
| ആകെ | 2271894 |

നിയമപരമായി പഞ്ചായത്തിന് ലഭിക്കേണ്ട സേവന ഉപനികുതി ഈടാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ഓഡിറ്റിൽ അറിയിക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും തൃപ്തികരമായ മറുപടി ലഭിച്ചില്ല. സേവന ഉപനികുതി ഈടാക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 പഞ്ചായത്ത് പരിധിയിൽ അനുമതിയില്ലാതെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നു.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുകയോ,ഉറപ്പിച്ചു വെയ്ക്കുകയോ ചെയ്യുന്നതിന് പഞ്ചായത്ത് സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദം ആവശ്യമാണ്. വകുപ്പ് 209(ഡി) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ തരത്തിലുമുള്ള പരസ്യങ്ങൾക്ക് ചുമത്തുന്ന ഏതൊരു നികുതിയും പിരിക്കാനുള്ള അവകാശം സെക്രട്ടറിയ്ക്ക് വകുപ്പ് 256 പ്രകാരം ഉണ്ടാക്കിയ ബൈലാകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിന്മേലും നിബന്ധനകളിന്മേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേയ്ക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതാണ്. പഞ്ചായത്ത് ഡയറക്ടറുടെ 10.08.2005 ലെ സി/5/15853/04 നമ്പർ സർക്കുലറിൽ ഗ്രാമപഞ്ചായത്തുകളിൽ പരസ്യ നികുതി ഈടാക്കുന്നതിനു വേണ്ടിയുള്ള മാതൃക ബൈലോ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2005-ൽ മാതൃക ബൈലോ സർക്കാർ പ്രസിദ്ധീകരിച്ചിട്ടും ഇത്രയും കാലം പരസ്യ നികുതി ഈടാക്കാതിരുന്നത് അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു. പരസ്യ നികുതി ഈടാക്കുന്നതിനുള്ള ബൈലോ തയ്യാറാക്കി പരമാവധി വേഗത്തിൽ സർക്കാർ അംഗീകാരം വാങ്ങി നടപ്പിൽ വരുത്തുവാൻ പഞ്ചായത്ത് ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാട്ടർ റിച്ച് പദ്ധതി

| | |
|---|---|
| പ്രോജക്ട് നമ്പർ | S0083/16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെലവ് തുക | 250000 |

| | |
|---|---|
| ഡി.ഡി.നമ്പർ/തീയതി | 671761/31.08.15 |

എറണാകുളം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന വാട്ടർ റിച്ച് എന്ന പദ്ധതിയ്ക്ക് കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വിഹിതമായി 250000/-രൂപ ജില്ലാ പഞ്ചായത്തിൽ അടച്ചിട്ടുണ്ട്. എന്നാൽ പദ്ധതി നടപ്പിലാക്കിയിട്ടില്ലായെന്ന് മറുപടിയിൽ പഞ്ചായത്ത് വിശദീകരിക്കുകയുണ്ടായി. പദ്ധതി തുടർവർഷങ്ങളിൽ നടപ്പിലാക്കിയെങ്കിൽ ആയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-2 അങ്കണവാടിയ്ക്ക് കുടിവെള്ള കണക്ഷൻ-ചെലവാകാത്ത തുക തിരികെ ഈടാക്കിയിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0149/16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 100000 |
| ചെലവ് തുക | 10950 |
| ഡി.ഡി. നമ്പർ/തീയതി | 669804/27.07.15 |

കോട്ടപ്പടി ഗ്രാമപഞ്ചായത്തിലെ എട്ടാം വാർഡിലുള്ള തൈക്കാവുംപടിയിലെ 25-ാം നമ്പർ അങ്കണവാടിയ്ക്ക് കുടിവെള്ള കണക്ഷൻ ലഭിക്കുന്നതുമായി ബന്ധപ്പെട്ട് 28.07.15 കേരള വാട്ടർ അതോറിറ്റിയുടെ 474036 രസീത് പ്രകാരം 15000/-രൂപ നൽകിയിട്ടുണ്ട്(KWA,PH Division,Muvattupuzha). ആയതിന് കേരള വാട്ടർ അതോറിറ്റി 12.05.2016 ൽ നൽകിയ വിനിയോഗ സാക്ഷ്യപത്ര പ്രകാരം 4050/-രൂപ വാട്ടർ അതോറിറ്റിയിൽ ചെലവഴിക്കാതെ ബാക്കിയുണ്ട്. ആയത് തിരിച്ച് ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച വിവരം ഓഡിറ്റിനെ അറിയിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടതിന് തുക തിരികെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-3 സർക്കാർ മാർഗ നിർദേശം പാലിക്കാതെ സി.എഫ്.എൽ ലാമ്പുകൾ വാങ്ങി.

| | |
|---|---|
| പദ്ധതിയുടെ പേര് | നിലവിലെ തെരുവ് വിളക്കുകൾ മാറ്റി പകരം സി.എഫ്.എൽ ലാമ്പുകൾ സ്ഥാപിയ്ക്കൽ |
| പ്രോജക്ട് നമ്പർ | S0116/16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 300000 |
| ചെലവ് തുക | 1)269357<br>2)16835<br>3)5442 |
| ബിൽ നമ്പർ/തീയതി | 1)42/15-16/22.03.16<br>2)51/15-16/31.03.16<br>3)28/15-16/28.12.15 |

കോട്ടപ്പടി ഗ്രാമപഞ്ചായത്ത് പരിധിയിലെ കേട് വന്ന തെരുവ് വിളക്കുകൾ മാറ്റി പുതിയ സി.എഫ്.എൽ ലാമ്പുകൾ സ്ഥാപിയ്ക്കുന്നതിനാണ് പദ്ധതി ആവിഷ്കരിച്ചത്. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി എഡിസൺ ഇലക്ട്രിക്കൽസ്,തിരുവാങ്കുളം എന്ന

സ്ഥാപനത്തിൽ നിന്നും ചുവടെ ചേർക്കും പ്രകാരം സി.എഫ്.എൽ ലാമ്പുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

| ഇനം | എണ്ണം | തുക | വാറ്റ് | ആകെ തുക |
|---|---|---|---|---|
| ഇൻവോയ്സ് നമ്പർ 25/29.02.16 സി.എഫ്.എൽ ലാമ്പ്(ഓട്ടോമാറ്റിക്) 11x2watt | 208 | 202200.96 | 25555 | 227757+ (ലേബർ ചാർജ്-41600) |

| ഇനം | എണ്ണം | തുക | വാറ്റ് | ആകെ തുക |
|---|---|---|---|---|
| ഇൻവോയ്സ് നമ്പർ 30/29.03.16 സി.എഫ്.എൽ ലാമ്പ്(ഓട്ടോമാറ്റിക്) 11x2watt | 13 | 12637.56 | 1596.80 | 14235+ (ലേബർ ചാർജ്-2600+K.S.E.B സൂപ്പർ വിഷൻ ചാർജ്-5442) |

പദ്ധതി നടപ്പാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1)15.09.2011 ലെ 3055/ഡി.എ3/2011/ ത.സ്വ.ഭ.വ നമ്പർ സർക്കുലറിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ തെരുവ് വിളക്കുകളുടെ പരിപാലനം നടത്തേണ്ടത് സംബന്ധിച്ച മാർഗ നിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ മാർഗരേഖാ നിർദേശങ്ങൾ പ്രകാരം പ്രസ്തുത പ്രവർത്തികൾക്കായി ഉപയോഗിക്കുന്ന സാമഗ്രികൾ ISI നിലവാരത്തിലുള്ളതും ഇവയുടെ നിരക്ക് കേരള സംസ്ഥാന വൈദ്യുതി വകുപ്പിന്റെ നിരക്കിനേക്കാൾ അധികമാകുവാൻ പാടില്ല. എന്നാൽ ഓഡിറ്റ് വർഷം പഞ്ചായത്തിൽ വാങ്ങിയ വിളക്കുകളും അനുബന്ധ ഉപകരണങ്ങളും കെ.എസ്.ഇ.ബിയുടെ നിരക്കുമായി താരതമ്യപ്പെടുത്തിയല്ല വാങ്ങിയിട്ടുള്ളത്. ഇതിന് നൽകിയ എൻക്വയറി നമ്പർ ആറിന് ലഭിച്ച മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ തുടർന്ന് വരുന്ന പർച്ചേസുകളിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

2)പുതുതായി വാങ്ങിയ തെരുവ് വിളക്കുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ സ്റ്റോക്കിൽ എടുത്തിട്ടുണ്ടെങ്കിലും ,കേടായവ സ്റ്റോക്കിൽ ചേർത്തിട്ടില്ല. ആയവ സ്റ്റോക്കിൽ ചേർക്കേണ്ടതാണ്.

3)പുതിയ തെരുവ് വിളക്കുകൾ മാറ്റി സ്ഥാപിച്ചതിന് കെ.എസ്.ഇ.ബി. അധികാരികളിൽ നിന്നും സാക്ഷ്യപത്രം വാങ്ങേണ്ടതാണ്.

## 3-4 ഹൈമാസ്റ്റ് ലൈറ്റുകൾക്ക് അധിക ചാർജ് അടച്ചു

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷന്റെ 14.08.2014 ലെ OP No.9/2014 ഉത്തരവ് പ്രകാരം ഹൈമാസ്റ്റ് ലൈറ്റുകൾക്ക് ഈടാക്കാവുന്ന കറന്റ് ചാർജ് യൂണിറ്റിന് 3.60 രൂപയാണ്. എന്നാൽ വൌച്ചറുകളുടെ പരിശോധനയിൽ പഞ്ചായത്തിൽ അധിക നിരക്കിലാണ് തുക നൽകിയിട്ടുള്ളത്.

| വൗച്ചർ നമ്പർ/തീയതി | മാസം | ഉപയോഗിച്ച കറന്റ്(യൂണിറ്റ്) | നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 21500306/07.06.15 | 06/15 | 917 | 3632 | 3301 | 331 |
| 21500426/31.09.15 | 09/15 | 818 | 3489 | 2945 | 544 |

| | | | | | |
|---|---|---|---|---|---|
| 21500698/03.10.15 | 10/15 | 868 | 3695 | 3125 | 570 |
| 21500996/03.02.16 | 02/16 | 946 | 4135 | 3406 | 729 |
| അധികം | | | | | 2174 |

ഇത് വിശദീകരിക്കുവാൻ ഓഡിറ്റ് എൻക്വയറി മുഖാന്തിരം ആവശ്യപ്പെട്ടതിന് അധികമായി നൽകിയ തുക കേരള സംസ്ഥാന വൈദ്യുതി വകുപ്പിൽ നിന്നും തിരികെ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാം എന്ന് അറിയിച്ചിട്ടുണ്ട്. ഹൈമാസ്റ്റ് ലൈറ്റുകൾക്ക് ചാർജിനത്തിൽ അടുത്ത തവണ അടയ്ക്കുന്ന ബില്ലുകളിൽ അധികമായി നൽകിയ തുക ക്രമീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 3-5 കാർഷിക വികസനത്തിനായി പദ്ധതികൾ നടപ്പാക്കുന്നില്ല.

കോട്ടപ്പടി ഗ്രാമപഞ്ചായത്ത് കാർഷിക മേഖലയാണ്. എന്നാൽ 2015-16 സാമ്പത്തിക വർഷം കൃഷി ഓഫീസർ ഒരു പദ്ധതി മാത്രമാണ് വിഭാവനം ചെയ്തു നടപ്പിലാക്കിയത്.

| | |
|---|---|
| പ്രോജക്ട് നമ്പർ | S008/16 |
| പ്രോജക്ട് | സമഗ്ര നെൽകൃഷി വികസനം |
| ആകെ അടങ്കൽ | 500000 |
| ചെലവ് | 300000 |

കാർഷിക മേഖലയായ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനത്തിനായി കൃഷിയുമായി ബന്ധപ്പെട്ട് വിവിധ പദ്ധതികൾ വിഭാവനം ചെയ്യുന്നതിന് കൂടുതൽ തുക വകയിരുത്തി നടപ്പാക്കാവുന്നതാണ്.

# 3-6 അതുല്യം സാക്ഷരത പദ്ധതിയ്ക്ക് സർക്കാർ നിർദ്ദേശം പാലിക്കാതെ വികസന ഫണ്ട് ചെലവഴിച്ചു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0041/16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 55546 |
| ചെലവ് തുക | 1)39600<br>2)8350 |
| ബിൽ നമ്പർ/തീയതി | 1)24/15-16/28.12.15<br>2)52/15-16/31.03.16 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്,166(1), സി x പ്രകാരം സാക്ഷരതാ പരിപാടികൾ നടപ്പിലാക്കുക ഗ്രാമ പഞ്ചായത്തിന്റെ മേഖലാ അടിസ്ഥാനത്തിലുള്ള ചുമതലയാണ്. പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി കേരള സംസ്ഥാന വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്,സംസ്ഥാന സാക്ഷരതാ മിഷൻ എന്നിവ സംയുക്തമായി നടപ്പാക്കുന്ന അതുല്യം പദ്ധതി 21.10.2014 ലെ സ.ഉ(സാധാ) 2735/2014/ത.സ്വ.ഭ.വ ഉത്തരവിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മേൽ സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 55546/-രൂപ

വികസനഫണ്ട് വകയിരുത്തി ഓഡിറ്റ് വർഷത്തിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രേരക്മാർക്ക് ഓണറേറിയം/ യാത്രാപ്പടിയിനത്തിൽ(6600/-), ഇൻസ്ട്രക്ടർമാർക്ക് വേതനം/യാത്രപ്പടിയിനത്തിൽ (27500/-) റിസോഴ്സ് പേഴ്സണിന്റെ യാത്രപ്പടിയിനത്തിൽ 500/-രൂപ എന്നിങ്ങനെ പദ്ധതിയിൽ വകയിരുത്തി 39600/- രൂപ ചെലവഴിച്ചിട്ടുണ്ട്. മാത്രവുമല്ല പഠിതാക്കൾക്ക് ഭക്ഷണം നൽകിയ വകയിൽ 7000/- രൂപയും സ്റ്റേഷനറി വാങ്ങിയ ഇനത്തിൽ 1350/- രൂപയും ചെലവഴിച്ചിട്ടുണ്ട്. 16.11.2013 ലെ സ.ഉ(എം.എസ്)362/2013/ത.സ്വ.ഭ.വ. ഉത്തരവ് അനുബന്ധം 1 ഖണ്ഡിക 6(7) പ്രകാരം സാക്ഷരതാ പ്രവർത്തനങ്ങൾക്ക് വിവിധ ക്ലാസുകളിലെ പരീക്ഷ എഴുതുന്നവർക്ക് സാക്ഷരതാ മിഷൻ നൽകുന്ന പാഠപുസ്തകങ്ങളുടെ വിലയും, മിഷനിൽ അടയ്ക്കേണ്ട ഫീസും നൽകാവുന്നതാണ്. പ്രേരക് മാർക്ക് ഓണറേറിയം,ഇൻസ്ട്രക്ടർമാർക്ക് വേതനം എന്നിവ നൽകുന്നത് നിലവിലും സംസ്ഥാന സാക്ഷരതാ മിഷൻ തന്നെയാണ്. ആയതിന് പഞ്ചായത്ത് ഫണ്ട് ആവർത്തനമായി ചെലവഴിക്കേണ്ടതില്ല. മേൽ ഉത്തരവ് (12-ാം പഞ്ചാവത്സര പദ്ധതി മാർഗരേഖ,ഖണ്ഡിക നം.4) പ്രകാരം തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും തദ്ദേശ ഭരണ സ്ഥാപനത്തെ ഏൽപ്പിച്ചിട്ടില്ലാത്തതും,ഏതെങ്കിലും വകുപ്പുകളുടെ ചുമതലയിൽ ഉള്ളതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന് നൽകിയ എൻക്വയറിയ്ക്ക് ലഭിച്ച മറുപടിയിൽ കോട്ടപ്പടി ഗ്രാമപഞ്ചായത്തിൽ സാക്ഷരത പ്രേരക്മാർ നിലവിൽ ഇല്ലാത്തതിനാൽ ബ്ലോക്ക് പ്രേരക്കിനെയും അഞ്ച് ഇൻസ്ട്രക്ടർമാരെയും ചുമതലപ്പെടുത്തി പദ്ധതി നടപ്പാക്കുകയാണുണ്ടായതെന്നും ഈ സാഹചര്യത്തിലാണ് ഓണറേറിയം/യാത്രാപ്പടി എന്നിവ നൽകിയതെന്നും വിശദീകരിച്ചു. എന്നാൽ പഞ്ചായത്ത് ഓണറേറിയം നൽകിയപ്പോൾ സംസ്ഥാന സാക്ഷരത മിഷനിൽ നിന്നും ഈയിനത്തിൽ തുക കൈപ്പറ്റിയിട്ടില്ല എന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടില്ല. സംസ്ഥാന സാക്ഷരത മിഷൻ നടപ്പാക്കുന്ന അതുല്യം പദ്ധതി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താം എന്ന സർക്കാർ ഉത്തരവ് (21.10.2014 ലെ സ.ഉ(സാധാ) 2735/2014/ത.സ്വ.ഭ.വ ) നിലവിൽ വന്നതിന് ശേഷമുള്ള 12-ാം പദ്ധതി മാർഗരേഖയിലും പാഠപുസ്തകങ്ങളുടെ വിലയും,മിഷനിൽ അടയ്ക്കേണ്ട ഫീസും മാത്രമാണ് പരാമർശിച്ചിട്ടുള്ളതിനാൽ ഇത് സംബന്ധിച്ച് സർക്കാരിൽ നിന്നും വ്യക്തതയ്ക്ക് ആരായാവുന്നതാണ്. ഇത് ലഭ്യമാകുന്നതു വരെ ഈയിനത്തിലുള്ള ചെലവ് തുകയായ 47950/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 112500 | ശാരീരിക-മാനസിക വെല്ലുവിളി-കുട്ടികൾക്കുള്ള സ്കോളർഷിപ്പ് | 112500 | ഇല്ല |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുക

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഏജൻസി | ഡി.ഡി നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അംഗൻവാടികളിൽ കുടിവെള്ളം | കേരള വാട്ടർ അതോറിറ്റി | 680043/30.01.16 | 28300 | 28300 | 0 |
| അംഗൻവാടികളിൽ കുടിവെള്ളം | കേരള വാട്ടർ അതോറിറ്റി | 669804/27.03.16 | 15000 | 10950 | 4050 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷത്തിൽ മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി/ അനുവദിച്ച തുക | പിൻവലിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | ജി ഒ (എം.എസ്) 564/2010 തീയതി 22.2.2010 1,20,36,000 | 7311265 | 2719236 | 838916 | 0 | 1880320 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

തൻവർഷം സ്ഥിര നിക്ഷേപം ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം / തീയതി |
|---|---|---|---|---|
| 2012-13, 2013-14 | 3-1 | 2498 | ടി.കെ.വർഗീസ്, സെക്രട്ടറി | 11502101671/ 19.12.2015 |
| 2012-13, 2013-14 | 3-3 | 23570 | ബോബി ഈപ്പൻ, അസി.എഞ്ചിനിയർ | 11502101595/09.12.15 |
| 2009-10 | 2-2 | 5000 | രാജൻ.ബി.മേനോൻ സെക്രട്ടറി | 11502100179/27.04.15 |
| 2009-10 | 3-5 | 1867 | ടി.എ.സുലൈമാൻ അസി.എഞ്ചിനിയർ | 45/56822/15.01.16 |
| 2008-09 | 3-4 | 4885 | ടി.എ.സുലൈമാൻ അസി.എഞ്ചിനിയർ | 11502100739/06.08.15 |
| 2008-09 | 3-6 | 2249 | ടി.എ.സുലൈമാൻ അസി.എഞ്ചിനിയർ | 11502100197/29.04.15 |
| 2007-08 | 3-1 | 170 | രാജൻ.ബി.മേനോൻ സെക്രട്ടറി | 11502100245/07.05.15 |
| 2007-08 | 3-4 | 1780 | ടി.എ.സുലൈമാൻ അസി.എഞ്ചിനിയർ | 11502100739/06.08.15 |
| 2007-08 | 3-5 | 1996 | ടി.എ.സുലൈമാൻ അസി.എഞ്ചിനിയർ | 11502100738/06.08.15 |
| 2006-07 | 3-3 | 2721 | രാജൻ.ബി.മേനോൻ സെക്രട്ടറി | 11502100738/06.08.15 |
| 2004-05 | 3-5 | 2335 | ആർ.രവീന്ദ്രൻപിള്ള, സെക്രട്ടറി | 11502100754/11.08.15 |
| | ആകെ | 49071 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ്

## ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പെടെ) | 46086452 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40721943 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 47950 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| | ഇല്ല | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 47950 | ശ്രീമതി കെ കെ പൊന്നമ്മ,സെക്രട്ടറി |
| ആകെ | 47950 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി കെ കെ പൊന്നമ്മ,സെക്രട്ടറി | സേവനത്തിൽ നിന്നും വിരമിച്ചു. | തെക്കേപൊലാളിൽ,അശമന്നൂർ.പി.ഒ, എറണാകുളം |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി 1)1147/99/4.2.1998 |

| | |
|---|---|
| 1997-98 | എൽ.എഫ്.ഇ(പി 1)102/03/7.8.2003 |
| 1998-99 | എൽ.എഫ്.ഇ(പി 1)886/04/9.2.2005 |
| 1999-00 | എൽ.എഫ്.ഇ(പി 1)887/04/9.2.2005 |
| 2000-01 | എൽ.എഫ്.ഇ(പി 1)888/04/9.2.2005 |
| 2001-02 | എൽ.എഫ്.ഇ(പി 1)1150/05/28.10.2006 |
| 2002-03 | എൽ.എഫ്.ഇ(പി 7)2084/06/7.11.2006 |
| 2003-04 | എൽ.എഫ്.ഇ(പി 7)734/10/29.9.2011 |
| 2004-05 | എൽ.എഫ്.ഇ(പി 7)735/10/29.9.2011 |
| 2005-06 | എൽ.എഫ്.ഇ(പി 7)736/10/29.9.2011 |
| 2006-07 | എൽ.എഫ്.ഇ(പി 7)787/12/13.7.2012 |
| 2007-08 | എൽ.എഫ്.ഇ(പി 7)788/12/13.7.2012 |
| 2008-09 | എൽ.എഫ്.ഇ(പി 7)789/12/13.7.2012 |
| 2009-10 | എൽ.എഫ്.ഇ(പി 7)790/12/13.7.2012 |
| 2010-11<br>2011-12 | എൽ.എഫ്.ഇ(പി7)854/13/4.6.13 |
| 2012-13<br>2013-14 | എൽ.എഫ്.ഇ(പി7)1901/14/16.1.15 |
| 2014-15 | കെ.എസ്.എ.-ഇ.കെ.എം (പി7)1255/2016<br>തീയതി 25.07.2016 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി.7)2244/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 - 2422271
email : doekm.ksad@kerala.gov.in
തീയതി :31.01.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ്

സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കോട്ടപ്പടി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

# APPENDIX - I

## AUDIT CERTIFICATE

No.K.S.A.-EKM(P7)2244/2016

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
email : doekm.ksad@kerala.gov.in
Dated: 31.01.2017

Certified that I have audited the Annual Financial Statement of Kottappady Grama Panchayath in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statements of Kottappady Grama Panchayath for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director(H.G.)